©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2025 മാർച്ച് 07<br>07th March 2025<br>1200 കുംഭം 23<br>23rd Kumbham 1200<br>1946 ഫാൽഗുനം 16<br>16th Phalguna 1946 | നമ്പർ<br>No. | 882 |


GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

No.LBRD-E1/142/2024-LBRD. *Dated, Thiruvananthapuram, 3rd March, 2025*
*19th Kumbham, 1200.*

The following proposal regarding the revision of minimum rates of wages which the Government of Kerala proposes to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with clause (b) of sub-section (1) of section 5 thereof and in supersession of the notification issued under G. O. (P) No. 39/2017/LBR. dated 9th May, 2017 and published as S.R.O. No.257/2017 in the Kerala Gazette

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Extraordinary No.979 dated 12th May, 2017, payable to the classes of employees employed in Agricultural Operations and allied sectors such as dairy farms, nurseries and cashew plantations in the State, as specified in the Schedule annexed hereto are hereby published for the information of all persons likely to be affected thereby as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the said proposal will be taken up for consideration on or after two months from the date of publication of this notification in the Official Gazette and that the objections and suggestions, if any, that may be received from any person with respect to the said proposal on or before the time limit specified above, will be considered by the Government. All such objections and suggestions shall be addressed to the Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

## SCHEDULE

**I. Agricultural Operations**

| | | |
|---|---|---|
| 1. Agricultural works of hard nature like digging, loading, bundwork, mud digging, ridge making, mud fencing, rain pit digging, digging pond for agricultural purposes, Green manure preparation and trimming of trees | ... | ₹ 830 for 8 hours work |
| 2. Work of light nature like weeding, aquatic weed removal, planting, sowing, paddy sacking | ... | ₹ 710 for 8 hours work |

Notes :- (i) The above rates of wages shall also be applicable to the areas where working hours is below 8 hours.

(ii) In the case of works like harvesting, threshing, ploughing, spraying, manuring etc. where the rates of wages are on the basis of working hours, quantity and nature, such local wage rates and other benefits shall be continued.

**II. Wage rates for Mechanized Agriculture works**

| | | |
|---|---|---|
| 1. Ploughing with the help of Tractor/Triller | - | ₹ 170 for 1 hour work |
| 2. Mechanised Sawing | - | ₹ 160 for 1 hour work |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**III. Wage rates for Rubber Tapping Workers**

Rubber Tapping and Sheet making - ₹ 2.50 per tree

**IV. Dairy Farming**

**(A) Monthly rated workers**

| *Group* | *Post* | *Minimum Wages (for 8 hours work) (₹)* |
|---|---|---|
| *(1)* | *(2)* | *(3)* |
| (a) | 1. Manager<br>2. Superintendent<br>3. Chief Accountant<br>4. Veterinary Officer<br>5. Any Officer in charge of the Dairy | 22,330 |
| (b) | 1. Accountant<br>2. Supervisor<br>3. Driver | 21,200 |
| (c) | 1. Clerk<br>2. Cashier<br>3. Lab Assistant<br>4. Typist<br>5. Milk Tester<br>6. Checking Inspector | 20,880 |
| (d) | 1. Watchman<br>2. Attender<br>3. Peon<br>4. Milk Collectors<br>5. Milk Vendors<br>6. Supply Boys | 20,610 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) |
|---|---|---|
| | 7. Bill Collectors<br>8. Cleaners (Vehicles)<br>9. Cleaners (Milk Pots)<br>10. Other employees doing works of similar nature | 20,610 |

**(B) Daily rated workers**

| *Sl. No.* | *Nature of work* | *Minimum Wages (₹)* |
|---|---|---|
| *(1)* | *(2)* | *(3)* |
| (a) | i. Milking (twice daily) | 850 |
| | ii. Milking (twice daily) along with other works in the Dairy | 940 |
| (b) | Sire Bull caretaker | 940 |
| (c) | Other General workers (cattle feeding, cleaning the cattle, removing cowdung from cowshed, cattle rearing, cowshed cleaning, hay drying, loading of cattle feeds, grass and fertilizers, spade works and such other hand works in fodder fields, sileage pits and cowsheds) | 810 |

*Note :-* The above wages are applicable to the daily rated workers for 8 hours work (except workers doing milking). The workers doing milking twice daily and whose period of work is less than 8 hours, they shall be eligible for proportionate rate of wages based on the duration of work.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## V. Nurseries

### (A) Daily rated workers

| *Sl. No.* | *Nature of work* | *Minimum Wages (₹)* |
|---|---|---|
| *(1)* | *(2)* | *(3)* |
| (a) | Unskilled workers in Nurseries (digging, making pits, seed sowing, planting, watering, manuring, spraying pesticides, weeding, such other unskilled works in Nurseries) | 730 |
| (b) | Skilled workers (budding, grafting preparation of lawn, Garden designing, artificial pollination such other skilled works) | 830 |
| (c) | Filling soil in the cover | ₹1 per cover |

### (B) Monthly rated workers

| *Sl. No.* | *Nature of work* | *Minimum Wages (₹)* |
|---|---|---|
| *(1)* | *(2)* | *(3)* |
| (a) | Manager/Supervisor | 17,920 |
| (b) | Clerk, Typist, Cashier | 17,140 |

## VI. Cashew Plantations

| *Sl. No.* | *Nature of work* | *Minimum Wages (₹)* |
|---|---|---|
| *(1)* | *(2)* | *(3)* |
| 1. | Clear felling, ploughing, spraying, manuring etc. | 710 for 8 hours work |
| 2. | Collection of rawnut | |
| | (a) Collecting nut from trees | 20 per Kilogram |
| | (b) Collecting nuts from the ground | 10 per Kilogram |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Dearness Allowance**

The time rated workers engaged in Dairy Farm, Nurseries, Cashew Plantations are eligible for Dearness Allowance. The monthly rated workers and the daily rated workers shall be paid Dearness Allowance along with the wages at the rate of ₹ 60 (Rupees Sixty only) and ₹ 2.30 (Two Rupees and Thirty Paise only) respectively for the increase of every point above 165 points in the series 2011-12=100 of the Consumer Price Index published by the Directorate of Economics and Statistics Department.

**General Conditions**

1. Wherever the workers are actually in receipt of higher wages than the minimum wages fixed above, such higher wages shall continuously be given.

2. Wherever the workers are supplied food free of cost and such other benefits, it shall continuously be given.

3. If the daily rated workers are paid monthly salary, then the total amount of the daily rate of wages of each category along with Dearness Allowance multiplied by 26 shall be paid as monthly wages. The daily rate of wages in respect of the category of employees for whom monthly rate is fixed in the final notification may be calculated by dividing the monthly rate by 26.

By order of the Governor,

Dr. VASUKI K.,

*Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

വിജ്ഞാപനം

നമ്പർ ഇ 1/142/2024/തൊഴിൽ തിരുവനന്തപുരം, തീയതി, 2025, മാർച്ച് 3

1200, കുംഭം 19.

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും കൂട്ടി വായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2017 മേയ് 9-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 39/2017/തൊഴിൽ ആയി പുറപ്പെടുവിച്ചതും 2017 മേയ് 12-ാം തീയതിയിലെ 979-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 257/2017 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, സംസ്ഥാനത്തെ കാർഷിക പ്രവൃത്തികളിലും അതിനോടനുബന്ധിച്ചുള്ള മേഖലകളിലെ അതായത് ഡയറി ഫാമുകൾ, നഴ്സറികൾ, കശുമാവ് തോട്ടങ്ങൾ എന്നിവടങ്ങളിൽ പ്രവൃത്തി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രകാരം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ, ഈ വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ടു മാസം തികയുന്ന തീയതിക്കോ അതിനു ശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനു മുമ്പോ ഏതെങ്കിലും ആളിൽ നിന്ന് ലഭിച്ചേക്കാവുന്ന അങ്ങനെയുള്ള ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ എന്തെങ്കിലും ഉണ്ടെങ്കിൽ, അവ സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

### I. കാർഷിക പ്രവർത്തനങ്ങൾ

| | | |
|---|---|---|
| 1. കിള, ചുമട്, ബണ്ടുപണി, ചെളിക്കുത്ത്, വരമ്പുവെട്ട്, കയ്യാലകെട്ട്, മഴക്കുഴി എടുക്കൽ, കൃഷിയ്ക്ക് വേണ്ടി കുളം കുഴിക്കൽ, പുതയിടീൽ/പച്ചിലവളമൊരുക്കൽ, മരത്തിൽ കയറി ചില്ലവെട്ടുക എന്നിങ്ങനെയുള്ള കാഠിന്യമേറിയ കാർഷിക ജോലികൾ | ... | 8 മണിക്കൂർ ജോലിക്ക് 830 രൂപ |
| 2. കളയെടുപ്പ്, പായൽ വാരൽ, നടീൽ, വിത്തിടീൽ, നെല്ല് ചാക്കിൽ നിറയ്ക്കൽ, ഇങ്ങനെയുള്ള കാഠിന്യം കുറഞ്ഞ ജോലികൾ | ... | 8 മണിക്കൂർ ജോലിക്ക് 710 രൂപ |

കുറിപ്പുകൾ :- (i) 8 മണിക്കൂറിൽ കുറഞ്ഞ പ്രവൃത്തി സമയം നിലവിലുള്ള പ്രദേശങ്ങളിലും മേൽപ്പറഞ്ഞ കൂലി നിരക്കുകൾ ബാധകമായിരിക്കുന്നതാണ്.

(ii) ജോലിയുടെ നിശ്ചിത സമയം, അളവ്, സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ കൂലി നൽകിവരുന്ന കൊയ്ത്ത്, മെതി, ഉഴവ് മരുന്നുതളി, വളമിടൽ എന്നീ ജോലികൾക്ക് പ്രാദേശികമായി നിലവിലുള്ള കൂലിയും മറ്റാനുകൂല്യങ്ങളും തുടർന്നും നൽകേണ്ടതാണ്.

### II. യന്ത്രസഹായത്തോടെയുള്ള കാർഷിക പ്രവർത്തനങ്ങളുടെ കൂലി നിരക്കുകൾ

| | | |
|---|---|---|
| 1. ട്രാക്ടർ/ട്രില്ലർ ഉപയോഗിച്ചുള്ള ഉഴവ് | - | മണിക്കൂറിന് 170 രൂപ |
| 2. യന്ത്രസഹായത്താലുള്ള കാട് വെട്ട് | - | മണിക്കൂറിന് 160 രൂപ |

### III. റബ്ബർ ടാപ്പിംഗ് തൊഴിലാളികളുടെ കൂലിനിരക്കുകൾ

| | | |
|---|---|---|
| റബ്ബർ ടാപ്പിംഗ് നടത്തി ഷിറ്റ് ആക്കുന്നതിന് | - | ഒരു മരത്തിന് 2.50 രൂപ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**IV. ഡയറി ഫാമിംഗ്**

**(എ) മാസനിരക്കിലുള്ള തൊഴിലാളികൾ**

| *ഗ്രൂപ്പ്* | *തസ്തിക* | *കുറഞ്ഞ വേതനം ( 8 മണിക്കൂർ ജോലിക്ക്) (രൂപ)* |
|---|---|---|
| (1) | (2) | (3) |
| (എ) | 1. മാനേജർ<br>2. സൂപ്രണ്ട്<br>3. ചീഫ് അക്കൗണ്ടന്റ്<br>4. വെറ്റിനറി ഓഫീസർ<br>5. ഡയറിയുടെ ചുമതലയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ | 22,330 |
| (ബി) | 1. അക്കൗണ്ടന്റ്<br>2. സൂപ്പർവൈസർ<br>3. ഡ്രൈവർ | 21,200 |
| (സി) | 1. ക്ലർക്ക്<br>2. കാഷ്യർ<br>3. ലാബ് അസിസ്റ്റന്റ്<br>4. ടൈപ്പിസ്റ്റ്<br>5. മിൽക്ക് ടെസ്റ്റർ<br>6. ചെക്കിംഗ് ഇൻസ്പെക്ടർ | 20,880 |
| (ഡി) | 1. വാച്ച്മാൻ<br>2. അറ്റൻഡർ<br>3. പ്യൂൺ<br>4. മിൽക്ക് കളക്ടേഴ്സ്<br>5. മിൽക്ക് വെണ്ടേർസ്<br>6. സപ്ലൈ ബോയ്സ്<br>7. ബിൽ കളക്ടേഴ്സ്<br>8. ക്ലീനേഴ്സ് (വെഹിക്കിൾസ്)<br>9. ക്ലീനേഴ്സ് (പാൽപാത്രങ്ങൾ)<br>10. മേൽ സ്വഭാവത്തിലുള്ള പണികൾ ചെയ്യുന്ന മറ്റു തൊഴിലാളികൾ | 20,610 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(ബി) ദിവസ നിരക്കിലുള്ള തൊഴിലാളികൾ**

| *ക്രമ നമ്പർ* | *ജോലിയുടെ സ്വഭാവം* | *കുറഞ്ഞ വേതനം (രൂപ)* |
|---|---|---|
| *(1)* | *(2)* | *(3)* |
| (എ) | i. കറവ (ദിവസം രണ്ടു നേരം) | 850 |
| | ii. കറവയും (ദിവസം രണ്ടു നേരം) ഡയറിയിലെ മറ്റു തൊഴിലുകളും കൂടി ചെയ്യുന്നവർ | 940 |
| (ബി) | വിത്തുകാള പരിപാലകൻ | 940 |
| (സി) | പൊതുവായ മറ്റു ജോലികൾ ചെയ്യുന്നവർ (മാടിന് തീറ്റ നൽകൽ, മാടിനെ കുളിപ്പിക്കുന്നവർ, തൊഴുത്തിൽ നിന്നും ചാണകം വാരുന്നവർ, മാടിനെ പരിപാലിക്കുന്നവർ, തൊഴുത്ത് വൃത്തിയാക്കുന്നവർ, വൈക്കോൽ ഉണക്കുന്നവർ, കാലിത്തീറ്റ, പുല്ല്, വളം, ചുമട്ടുകാർ, തീറ്റപ്പുൽ കൃഷിയിടങ്ങളിലും വളക്കുഴികളിലും തൊഴുത്തുകളിലും മൺവെട്ടികൊണ്ടുള്ള ജോലികളും മറ്റു കൈ ജോലികളും ചെയ്യുന്നവർ) | 810 |

*കുറിപ്പ്* - ദിവസവും 8 മണിക്കൂർ ജോലി ചെയ്യുന്ന ദിവസക്കൂലിക്കാരായ തൊഴിലാളികൾക്കാണ് (കറവ നടത്തുന്ന തൊഴിലാളികൾ ഒഴികെ) മേൽപ്പറഞ്ഞ കൂലി ബാധകമായിരിക്കുന്നത്. രണ്ട് നേരം കറവ നടത്തുകയും ജോലി സമയം 8 മണിക്കൂറിൽ കുറവായിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്ക് ജോലി സമയത്തിന്റെ ദൈർഘ്യം അടിസ്ഥാനപ്പെടുത്തി അതിന് ആനുപാതികമായ കൂലിക്ക് അർഹത ഉണ്ടായിരിക്കുകയുള്ളു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**V. നഴ്സറികൾ**

**(എ) ദിവസ നിരക്കിലുള്ള കൂലിക്കാർ**

| *ക്രമ നമ്പർ* | *ജോലിയുടെ സ്വഭാവം* | *കുറഞ്ഞ വേതനം (രൂപ)* |
|---|---|---|
| *(1)* | *(2)* | *(3)* |
| (എ) | നഴ്സറികളിലെ വൈദഗ്ധ്യം ഇല്ലാത്ത തൊഴിലാളികൾക്ക് (മണ്ണ് കിളയ്ക്കുക, തടമെടുക്കുക, വിത്ത് പാകുക, നടുക, ജലസേചനം നടത്തുക, വളം ചേർക്കുക, മരുന്നടിക്കുക, കളപറിക്കുക തുടങ്ങിയ നഴ്സറിയുമായി ബന്ധപ്പെട്ട വൈദഗ്ധ്യം ആവശ്യമില്ലാത്ത മറ്റ് ജോലികൾ) | 730 |
| (ബി) | വൈദഗ്ധ്യം ഉള്ള തൊഴിലാളികൾക്ക് (ബഡ്ഡിംഗ് ഗ്രാഫ്റ്റിംഗ്, പുൽത്തകിടിവച്ചുപിടിപ്പിക്കൽ ഡിസൈൻ ചെയ്ത് പൂന്തോട്ടമൊരുക്കൽ, ചെടികളിൽ കൃത്രിമ പരാഗണം നടത്തൽ തുടങ്ങിയ ജോലികൾ ചെയ്യുന്ന തൊഴിലാളികൾ) | 830 |
| (സി) | കവറുകളിൽ മണ്ണനിറയ്ക്കൽ | ഒരു കവറിന് 1 രൂപ |

**(ബി) മാസ നിരക്കിലുള്ള തൊഴിലാളികൾ**

| *ക്രമ നമ്പർ* | *ജോലിയുടെ സ്വഭാവം* | *കുറഞ്ഞ വേതനം (രൂപ)* |
|---|---|---|
| *(1)* | *(2)* | *(3)* |
| (എ) | മാനേജർ/സൂപ്പർവൈസർ | 17,920 |
| (ബി) | ക്ലർക്ക്, ടൈപ്പിസ്റ്റ്, കാഷ്യർ | 17,140 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**VI. കശുമാവ് തോട്ടങ്ങൾ**

| *ക്രമ നമ്പർ* | *ജോലിയുടെ സ്വഭാവം* | *കുറഞ്ഞ വേതനം (രൂപ)* |
|---|---|---|
| *(1)* | *(2)* | *(3)* |
| 1. | കാടുവെട്ട്, കിള, മരുന്നടി, വളമിടൽ തുടങ്ങിയ തൊഴിലുകൾ ചെയ്യുന്നവർ | 8 മണിക്കുർ ജോലിക്ക് 710 രൂപ |
| 2. | തോട്ടണ്ടി ശേഖരിക്കുന്നവർ | |
| | (എ) മരത്തിൽ കയറി നേരിട്ട് ശേഖരിക്കുന്നവർ | 1 കിലോ ശേഖരിക്കുന്നതിന് 20 രൂപ |
| | (ബി) താഴെ വീണുകിടക്കുന്ന തോട്ടണ്ടി ശേഖരിക്കുന്നവർ | 1 കിലോ ശേഖരിക്കുന്നതിന് 10 രൂപ |

**ക്ഷാമബത്ത**

ഡയറി ഫാം, നഴ്സറികൾ, കശുമാവ് തോട്ടങ്ങൾ എന്നിവിടങ്ങളിൽ സമയ നിരക്കിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷാമബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന 2011=12=100 എന്ന സീരീസിലെ ഉപഭോക്തൃ വില സൂചികയുടെ 165 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും യഥാക്രമം മാസവേതനക്കാരായ തൊഴിലാളികൾക്ക് 60 രൂപ (അറുപത് രൂപ മാത്രം) നിരക്കിലും ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ഓരോ പോയിന്റിനും 2.30 (രണ്ട് രൂപ മുപ്പതു പൈസ മാത്രം) നിരക്കിലും ക്ഷാമബത്ത വേതനത്തോടൊപ്പം നൽകേണ്ടതാണ്.

**പൊതുവായ നിബന്ധനകൾ**

1. മുകളിൽ നിശ്ചയിച്ച വേതനത്തേക്കാൾ ഉയർന്ന വേതനം തൊഴിലാളികൾക്ക് ലഭിക്കുന്ന സ്ഥലങ്ങളിൽ അത്തരം ഉയർന്ന വേതനം തുടർന്നും നൽകേണ്ടതാണ്.
2. തൊഴിലാളികൾക്ക് സൗജന്യമായി ഭക്ഷണവും മറ്റാനുകൂല്യങ്ങളും നൽകുന്ന സ്ഥലങ്ങളിൽ അത് തുടർന്നും നൽകേണ്ടതാണ്.
3. ദിവസക്കൂലിക്കാരുടെ വേതനം മാസവേതനമായി നൽകുകയാണെങ്കിൽ ക്ഷാമബത്ത ഉൾപ്പെടെയുള്ള ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും മാസശമ്പളക്കാരുടെ ദിവസവേതനം കണക്കാക്കേണ്ടിവരികയാണെങ്കിൽ ക്ഷാമബത്ത ഉൾപ്പെടെയുള്ള മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ചും കണക്കാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. വാസുകി കെ.,

*ഗവൺമെന്റ് സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/